# കാക്കിയോടുള്ള ഇഷ്ടം കൂടി; ഒടുവിൽ കാക്കി സ്വന്തമാക്കി

**സി.ബി.ഐ. ഉദ്യോഗസ്ഥനായിരുന്ന പി.എം. നായർ സംസാരിക്കുന്നു...**

**സൺഡേ സ്പെഷ്യൽ**

**പാലക്കാട്►** ബസ്സിലെ യാത്രക്കാരൻ യാത്രക്കാരിയോട് മോശമായി പെരുമാറിയപ്പോൾ അയാളെ കണ്ടക്ടർ ഇറക്കിവിട്ട സംഭവംമുതൽ തുടങ്ങിയതാണ് തിരുവനന്തപുരം നെയ്യാറ്റിൻകരക്കാരൻ പി.എം. നായരെന്ന പുരുഷോത്തമൻ മധുസൂദനൻ നായർക്ക് കാക്കിയൂണിഫോമിനോടുള്ള ഇഷ്ടം. കെ.എസ്.ആർ.ടി.സി. കണ്ടക്ടറാകാനുള്ള അവസരം നെഞ്ചളവില്ലെന്ന കാരണം പറഞ്ഞ് കാക്കി യൂണിഫോമണിഞ്ഞ ഒരു പോലീസുകാരൻ തട്ടിത്തെറിപ്പിച്ചപ്പോഴും കാക്കിയോടുള്ള ഇഷ്ടം കുറഞ്ഞില്ല. അതുകൊണ്ടായിരിക്കാം പി.എം. നായർ ഐ.പി.എസ്. നേടിയത്, സി.ബി.ഐ.യിലെ പ്രശസ്തനായ ഉദ്യോഗസ്ഥനായത്, ഐ.എസ്.ആർ.ഒ. ചാരക്കേസ് ഉൾപ്പെടെ കോളിളക്കം സൃഷ്ടിച്ച ഒട്ടേറെ കേസുകൾ അന്വേഷിച്ചത്. നിലവിൽ ദേശീയ ബാലാവകാശസംരക്ഷണ കമ്മിഷന്റെയും ദേശീയ വനിതാ കമ്മിഷന്റെയും ഉപദേശകനായ പി.എം. നായർ 'പരീക്ഷാപർവ്' എന്ന പരിപാടിയുമായി കഴിഞ്ഞദിവസം



പി.എം. നായർ

പാലക്കാട്ടെത്തി.

## അനീതിക്ക് അടിമയാകരുത്

താൻ പഠിച്ച 'അനീതിക്ക് അടിമയാകരുത്, അവകാശങ്ങൾക്കു വേണ്ടി പോരാടണം' എന്നതാണ് പുതുതലമുറയോടും പി.എം. നായർക്കു പറയാനുള്ളത്. കുട്ടികളോട് ആദ്യം പറഞ്ഞു മനസ്സിലാക്കേണ്ടത് 'സ്വയം ബഹുമാനിക്കുക' എന്നതാണ്.

ഒരിക്കൽ, ഒൻപതുവയസ്സായ കുട്ടിയെ ബെംഗളൂരുവിൽ കണ്ടു. അവൻ സ്കൂളിൽ സഹപാഠിയുമായി തല്ലുണ്ടാക്കി. സംഭവം നടന്ന് ഒരു മാസം കഴിഞ്ഞപ്പോൾ കുട്ടിയോട് ചോദിച്ചു: ''അന്നത്തെ അടിപ്രശ്നം എന്തായി?'' അവൻ പറഞ്ഞു: ''എന്റെ തലയിൽ രണ്ട് അറകളുണ്ട്. ഒന്ന് സ്റ്റോറേജ് അറ. ഒന്ന് മാലിന്യങ്ങൾ ഇടാനുള്ളത്. ഇക്കാര്യം ഞാൻ മാലിന്യങ്ങൾ ഇടാനുള്ള അറയിലിട്ടു''. ആ കുട്ടിയെ വളർത്തിയെടുക്കുന്ന അമ്മയ്ക്കും അച്ഛനുമാണ് അതിന്റെ ക്രെഡിറ്റ്.

## അനുഭവം, പരിചയം

2018-ൽ കേരളത്തിലെ പ്രളയകാലത്ത് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചതുപ്രകാരം സംസ്ഥാനത്തെത്തി അദ്ദേഹവുമായി ചർച്ച നടത്തിയത് പി.എം. നായർ ഓർക്കുന്നു. ദുരന്തങ്ങളുണ്ടാകുമ്പോൾ നേരിടാൻ പ്രാദേശികമായ ആളുകളെയാണ് ആദ്യമായും ഏറ്റവും പ്രധാനമായും ആശ്രയിക്കേണ്ടതെന്ന കാര്യമാണ് അന്നു പറഞ്ഞത്. പഞ്ചായത്തുകൾക്കാണ് ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപങ്ക്. എൻ.ഡി.ആർ.എഫ്., സിവിൽ ഡിഫൻസ്, ഹോം ഗാർഡ്, അഗ്നിരക്ഷാസേന എന്നീ നാലു വിഭാഗങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന രീതി അദ്ദേഹം നടപ്പാക്കി.

## അമ്മയെന്ന ഗുരു

സൈനികനായിരുന്ന പുരുഷോത്തമൻ നായരുടെയും വീട്ടമ്മയായ ദേവകിയമ്മയുടെയും ആറു മക്കളിൽ മൂത്തയാളാണ് പി.എം. നായർ. സ്ത്രീയും പുരുഷനും തുല്യരാണെന്നുതന്നെ ആദ്യം പഠിപ്പിച്ചത് അമ്മയാണെന്ന് പി.എം. നായർ പറയുന്നു. ബാലാവകാശ കമ്മിഷനും ദേശീയ വനിതാകമ്മിഷനുമായി സഹകരിച്ചു പ്രവർത്തിക്കാൻ തനിക്കു കഴിയുന്നത് ആ പാഠങ്ങൾ ഓർക്കുന്നതുകൊണ്ടാണെന്നും അദ്ദേഹം പറയുന്നു.

തിരുവനന്തപുരം കാര്യവട്ടം കാമ്പസിൽനിന്ന് എം.എ. സോഷ്യോളജി നേടിയ പി.എം. നായർ ഐ.ഐ.ടി. ബോംബെയിൽനിന്ന് പിഎച്ച്.ഡി. നേടി. 1978-ൽ ഐ.പി.എസ്. നേടി. ബിഹാറിൽ 15 വർഷം ജോലി ചെയ്തു. പിന്നീട് 10 വർഷം സി.ബി.ഐ.യിൽ.

സി.ആർ.പി.എഫിൽ ഏഴുവർഷം ജോലിചെയ്തു. അവിടെ ഓപ്പറേഷണൽ ഹെഡായിരുന്നു. മൗണ്ട് അബുവിലെ ആഭ്യന്തരസുരക്ഷാ അക്കാദമി ഡയറക്ടറായിരുന്നു. ദേശീയ ദുരന്തപ്രതികരണസേന (എൻ.ഡി.ആർ.എഫ്.) ഡയറക്ടർ ജനറലായിരുന്നു രണ്ടുവർഷം. ഇതിനിടെ യു.എൻ. ഓഫീസിൽ രണ്ടുവർഷം. 2013-ൽ വിരമിച്ചു. പിന്നീട് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ അഞ്ചരവർഷം പ്രൊഫസർ.

ഐ.എ.എസ്. ഉദ്യോഗസ്ഥയായ ഭാമതിയാണ് ഭാര്യ. ചെന്നൈയിൽ പാവപ്പെട്ട കുട്ടികൾക്കുവേണ്ടിയുള്ള ട്രസ്റ്റ് രൂപവത്കരിച്ച് പ്രവർത്തനങ്ങൾ നടത്തുകയാണവർ. രണ്ടു മക്കളിൽ ഒരാൾ കുടുംബവുമായി വിദേശത്തും രണ്ടാമത്തെയാൾ ബെംഗളൂരുവിലും താമസിക്കുന്നു.